# INTERNATIONAL INDIAN SCHOOL DAMMAM
## II TERM EXAMINATION 2017-18
## CLASS IX – MALAYALAM

TIME: 3 HRS MAX MARKS: 80

(SECTION – A)

I. **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

നാടകം വർത്തമാനകാലത്തിന്റെ കലയാണെന്ന തിരിച്ചറിവിൽ നിന്ന് ഒരു നാടകകൃത്തിനു ആവിഷ്കാരത്തിന്റെ ഉപാധികളെയും സങ്കേതങ്ങളെയും പ്രത്യക്ഷാനുഭവങ്ങളിലൂടെ ഉൾക്കൊള്ളാൻ കഴിയും. അത്തരം രംഗപ്രയോഗ വഴക്കങ്ങളെ തന്റെ മനോധർമ്മത്തിന്റെ സാധ്യതകൾ കൊണ്ട് തനിക്കു മാത്രം കഴിയുന്ന രീതിയിൽ പ്രയോഗക്ഷമമാക്കാൻ അനായാസം കഴിഞ്ഞെന്നു വരും. ബാഹ്യശില്പത്തിന്റെ നൂതനത്വത്തിലും വശ്യതയിലും ഭ്രമിച്ചു പോകുന്ന ഒരു നാടകകൃത്തിനു ചിലപ്പോൾ നീതി പുലർത്താൻ കഴിയാതെ പോകുന്നത് താനെന്താണോ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നത് ആ വിഷയത്തോട് ആയിരിക്കും. അക്കാര്യത്തിൽ അവധാനതയും കാര്യക്ഷമതയുമുള്ള കരുതൽ ഇല്ലാതെപോയാൽ അത് ജൈവചൈതന്യത്തെ വലിച്ചുനീട്ടിയും വെട്ടിനുറുക്കിയും ഭയരഹിതമായ സമീപനമാകും സ്വീകരിക്കേണ്ടിവരിക. താൻ ജീവിക്കുന്ന കാലരാജി തന്നിലുണ്ടാക്കുന്ന പ്രകമ്പനങ്ങളെ പ്രതിബദ്ധതയുടെ പ്രകമ്പനങ്ങളാക്കി പുനർവിക്ഷേപിക്കാൻ യഥാർത്ഥ എഴുത്തുകാരനു കഴിയണം.

1. യഥാർത്ഥ എഴുത്തുകാരന് കഴിയേണ്ടത് എന്താണ് ? (2)
2. എപ്പോഴാണ് ഒരു നാടകകൃത്തിന് നീതി പുലർത്താൻ കഴിയാതെ പോകുന്നത് ? (2)
3. നാടകകൃത്തിന് എപ്പോഴാണ് സങ്കേതങ്ങളേയും പ്രത്യക്ഷാനുഭവങ്ങളേയും ഉൾക്കൊള്ളാൻ കഴിയുന്നത് ? (2)
4. സാഹിത്യരംഗത്ത് ജൈവചൈതന്യത്തെ വലിച്ചുനീട്ടുന്നത് എപ്പോൾ ? (2)
5. ഈ ഖണ്ഡികയ്ക്കു ഉചിതമായ ശീർഷകം നൽകുക. (2)

## (SECTION – B)

1. റോഡരുകിൽ വർദ്ധിച്ചുവരുന്ന പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. (8)

2. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡികയെഴുതുക. (8)
   (i) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പ്രധാന്യം
   (ii) ഗ്രന്ഥപാരായണം
   (iii) വനനശീകരണം

## (SECTION – C)

1. പ്രയോഗം മാറ്റുക (1)

   പഴയ ഓർമ്മകളിലേക്ക് കവി സഖിയെ കൂട്ടിക്കൊണ്ടു പോകുന്നു.

2. മഹാവാക്യമാക്കുക (1)

   അയാൾക്ക് ഞാൻ എന്റെ വിലാസം കൊടുത്തു. അസാധാരണനായ ആ ടാക്സി ഡ്രൈവറുടെ വിലാസം വാങ്ങിയിരുന്നില്ല

3. തെറ്റുതിരുത്തുക (1)

   ഭർത്താവ് മരിച്ച വിധവയായ മൂത്ത മകൾ ഒരു തോർത്തുമുണ്ട് കൊണ്ട് തലയും ചെവിയും മൂടി ഉമ്മറത്തിണ്ണ മേൽ ചൂളിപ്പിടിച്ചിരിക്കുകയായിരുന്നു

4. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (1)

   മന്ദിരത്തിൽ

5. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (1)

   വാദപ്രതിവാദം

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

6. പര്യായപദങ്ങളെഴുതുക (1)

   നിലാവ് ( കുമുദം, ചന്ദ്രിക, കേദാരം, കൗമുദി )

7. നാനാർത്ഥപദങ്ങളെഴുതുക (1)

   ധോരണി ( ആശയം, വാക്ക്, ഒഴുക്ക്, നിര )

8. അർത്ഥ വ്യത്യാസപദങ്ങളെഴുതുക (1)

   ക്ഷതി - ക്ഷിതി ( പിശുക്ക്, ഭൂമി, നാശം, യുദ്ധം )

9. വിപരീതപദമെഴുതുക (1)

രൂപം ( അരൂപം, സ്വരൂപം, വിരൂപം, അനുരൂപം)

10. എതിർലിംഗപദമെഴുതുക (1)

കാട്ടാളൻ ( കാട്ടാള , കാട്ടാളി, കാട്ടാളത്തി, കാട്ടാളിനി )

## (SECTION – D)

I. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** (8 x ½ = 4)

1. ഇനൻ പൊലിഞ്ഞാൽ എന്തിനെ കൊണ്ടാണ് തൽക്കാലം ഇരുട്ട് ഈശ്വരൻ അകറ്റുന്നത് ?
( ഉഡുപംക്തി, ചന്ദ്രൻ, മിന്നാമിനുങ്ങ് )

2. അംബരത്തിണ്ണയിൽ പറ്റിനിന്നത് ആര് ?
( കുട്ടൻ, അമ്പിളിക്കീറ്, പനിനീർച്ചെടി )

3. അമ്മയോടുള്ള സ്നേഹത്തിന്റെ അടയാളമായി എന്തിനെയാണ് സൂചിപ്പിക്കുന്നത് ?
( പഴയ ചകലാസ്, കത്ത്, അമ്മയെ സന്ദർശിക്കുന്നത് )

4 സന്ധ്യയ്ക്ക് വിഷക്കാവിൽ വെളിച്ചമകറ്റുവാൻ ദുർമന്ത്രവാദം ചെയ്യുന്നതാര് ?
( തത്തകൾ, ഓരിയിടുന്ന നായ്ക്കൾ, മൂങ്ങകൾ )

5. യതി നൂറു രൂപ സമ്മാനമായി നൽകിയത് ആർക്ക് ?
( വെയിറ്റർക്ക്, സ്റ്റേഷൻ മാസ്റ്റർക്ക്, റാംഗോപാൽമിശ്രക്ക് )

6. ആതിരയെ എങ്ങനെ നേരിടണമെന്നാണ് കവി ആവശ്യപ്പെടുന്നത് ?
( മിഴിയിണതുളുമ്പാതെ, കൈകോർത്ത്, വളകളണിഞ്ഞ് )

7. പുഞ്ചിരിയാകുന്ന തൂനിലാവേറ്റ് ഉല്ലസിക്കുന്ന ആമ്പൽ ഏത് ?
( കർണ്ണങ്ങൾ, ചിത്തം, കണ്ണുകൾ )

8. ചവർപ്പിൽനിന്നും മാധുര്യം വാറ്റിയെടുത്ത കവിത എന്ന് വിശേഷിപ്പിക്കപ്പെട്ട കവിത ഏത് ?
( കടൽക്കാക്കകൾ, കന്നിക്കൊയ്ത്ത്, മാമ്പഴം )

II. **ഉത്തരമെഴുതുക** (8 x 4 = 32)

1. രണ്ട് ടാക്സി ഡ്രൈവർമാരിൽനിന്ന് യതിക്കുണ്ടായ അനുഭവം വിവരിക്കുക

2. കമലം , ഗോപി എന്നിവരുടെ സ്വഭാവത്തിലെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.

3. വൈലോപ്പിള്ളിക്കവിതകളുടെ പ്രത്യേകത എന്ത് ?

4. "പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായി പോയെന്നാണ് " ഈ തോന്നലിന് കാരണമായ സന്ദർഭമേത് ?

5. "നാമന്യോന്യമൂന്നുവടികളായ് നിൽക്കാം" ആശയം വിശദമാക്കുക.

6. വണ്ടിക്കാരന്റെ അധ്വാനതീവ്രത കവി എപ്രകാരമാണ് വിവരിച്ചിരിക്കുന്നത് ?

7. "ആക്ഷേപിച്ചാലല്ലേ യോഗ്യരാവൂ" കുട്ടനു നേരിടേണ്ടി വന്ന ആക്ഷേപമെന്ത് ?

8. "അക്രൂരമായൊരു മാനസം പൂണ്ടുള്ളോ -
രക്രൂരനാകിന യാദവന്താൻ". ആശയം വിശദമാക്കുക.

III. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2 x 4 = 8)

1. "ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങ് എന്നെ സത്യത്തിലേക്കു നയിച്ചു" ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവമെന്തായിരുന്നു?

2. മാതൃരാജ്യത്തിന്റെ നരകയാതന ഇല്ലാതാക്കാൻ സ്വാമി നടത്തിയ പ്രസംഗപര്യടനത്തെ കുറിച്ച് വിവരിക്കുക.

3. തേജസ്വിയായ വാഗ്മിയായി വിവേകാനന്ദൻ മാറിയതെങ്ങനെ ?